കെ.എസ്.ടി.പി.-യുടെ പുനരധിവാസ പദ്ധതി രൂപ രേഖയിൽ നിർണ്ണയിച്ചിട്ടുള്ളതിനും കൂടിയ ഇക ലൈബ്രറി കമ്മിറ്റി ആവശ്യപ്പെട്ട് സാഹചര്യത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കിയാണ് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചത്. മേൽ നടപടികളുമായി ബന്ധപ്പെട്ട ഫയൽ നമ്പർ 16678/ബി2/14/ ആർ.ഡി. റവന്യൂ വകുപ്പിൽ നിലവിലുണ്ട്.

കെ.എസ്.ടി.പി. രണ്ടാംഘട്ടം

291 (1376) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ടി.പി. രണ്ടാംഘട്ടം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികളാണ് പുരോഗമിക്കുന്നത്.

പാക്കേജ് I : കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (കി.മീ.0/000 മുതൽ 27/780 വരെ)

പാക്കേജ് II : പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (കി.മീ.0/000 മുതൽ 20/900 വരെ)

പാക്കേജ് III A&B: തലശ്ശേരി-വളവുപാറ റോഡ് (കി.മീ.1/200 മുതൽ 55/200 വരെ)

പാക്കേജ് IV A: ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (കി.മീ.0/000 മുതൽ 47/700 വരെ)

പാക്കേജ് IV B : തിരുവല്ല ബൈപ്പാസ് റോഡ് (കി.മീ. 7/390 മുതൽ 9/400 വരെ)

LIBRARY ARCHIVES Kerala Legislative Assembly

പാക്കേജ് V : ഏറ്റുമാനൂർ-മുവാറ്റുപുഴ റോഡ് (കി.മീ.0/000 മുതൽ 40/960 വരെ)

പാക്കേജ് VI : പൊൻകുന്നം-തൊടുപുഴ റോഡ് (കി.മീ.84/00 മുതൽ 130/363 വരെ)

പാക്കേജ് VII : പുനലൂർ-പൊൻകുന്നം റോഡിന്റെ പണി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

പാക്കേജ് VIII : പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ വികസനത്തിനായി പുതിയ LA Act പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ റോഡിന്റെ പെരിമ്പിലാവ് മുതൽ തേലപ്പാട്ടമ്പി വരെയുള്ള റോഡ് ബി.സി. ഓവർലേ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികളും നടന്നുവരുന്നു.

(ബി) നിലവിലുള്ള റോഡിന്റെ വീതി കൂട്ടി ബലപ്പെടുത്തിയും വളവുകൾ കുറച്ചും പാലങ്ങൾ, കൾവർട്ടുകൾ, ബസ്ബേ, പാർക്കിംഗ് ഏരിയ എന്നിവ നിർമ്മിക്കുകയും റോഡ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) ഈ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2403 കോടി രൂപയുടെ പദ്ധതിക്ക് ലോകബാങ്ക് ധനസഹായം ഉറപ്പാക്കുകയും ചെയ്തു. 19-6-2013-ൽ കരാർ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നുണ്ട്.

പി.ഡബ്ല്യു.ഡി. വികസന പ്രവർത്തനങ്ങൾ

292 (1377) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പി.ഡബ്ല്യു.ഡി അടൂർ നിയോജക മണ്ഡലത്തിലെ റോഡുകളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തികൾക്ക് എത്ര തുക അടങ്കൽ വകയിരുത്തിയിട്ടുണ്ടെന്നും ആയവയുടെ നിർമ്മാണ പുരോഗതികൾ സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അടൂർ നിയോജക മണ്ഡലത്തിലെ റോഡുകളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly